# ചർച്ച് ബുള്ളററിൻ

**March 2009**




## മാർച്ച് 25 വചനിപ്പു പെരുന്നാൾ



**മാർച്ച് 9:**
**സെബസ്ത്യായിലെ 40**
**സഹദേന്മാരുടെ ഓർമ്മ**

**മാർച്ച് 18**
**പാതിനോമ്പ്**



# താളുകൾ മറിക്കുമ്പോൾ


3 വി. സഭ ഇ മാസം ഓർമ്മപെരുന്നാൾ കൊണ്ടാടുന്ന അഭിവന്ദ്യ പിതാക്കന്മാർ

4 ശുദ്ധമുള്ള നോമ്പിൽ...... വികാരിയച്ചൻെറ സന്ദേശം

5 Embracing Imperfection By Joji Susan Mani

6, 7 Announcements

8 Great Lent Gospel 2009 Planner

9 Birthday Greetings

10 ആദരാഞ്ജലികൾ

11 ബൈബിൾ ക്വിസ്സ്– മാർച്ച് 2009

12, 13, 14 Are You Bible Literate? Bible Crossword # 3 (March 2009)

15 Thanks Giving For Favours Received

16,17,18 Last Month Event Photographs


19,20,21,22 സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ ജീവ ചരിത്രം

23 New Faces To Our Parish

24 ഏലിയാസ് തൃതിയൻ ബാവായുടെ ഓർമ്മ പെരുന്നാൾ ഏററു കഴിച്ചവർ


സ്ഥലപരിമിതി മൂലം 5 ലേഖനങ്ങൾ പ്രസദ്ധീകരിക്കുവാൻ സാധിച്ചില്ല. അടുത്ത ലക്കം പ്രസദ്ധികരിക്കുന്നതാണ്

## വി. സഭ ഇ മാസം ഓർമ്മപെരുന്നാൾ കൊണ്ടാടുന്ന അഭിവന്ദ്യ പിതാക്കന്മാർ



ഡോ: കടവിൽ പൗലോസ് മോർ അത്താനാസ്യോസ്. ചെറിയ വാപ്പാലശേരി

മാർച്ച് 6




അമ്പാട്ട് ഗീവർഗീസ് മോർ കൂറിലോസ്. അങ്കമാലി മാർച്ച് 9




പൗലോസ് മോർ സേവേറിയോസ്, കുന്നംകുളം മാർച്ച് 17




സ്ലീബാ മോർ ഒസ്താത്തിയോസ്, കുന്നംകുളം. മാർച്ച് 19



കുറിയാക്കോസ മോർ കൂറിലോസ്, അടൂർ മാർച്ച് 21



Identify this picture & SMS your answer to 39952360. format <Answer your name>

Last date 27-03-2009

# ശുദ്ധമുള്ള നോമ്പിൽ......

കർത്താവേ ആത്മാവും ശരീരവും തമ്മിൽ വേർപിരിഞ്ഞതിന്റെ ശേഷം അവയുടെ പാപങ്ങളെ കുറിച്ച് അവക്ക് ഒരുമിച്ച് നിന്നോടപേക്ഷിപ്പാൻ കഴിയാത്തതിനാൽ അവ ലോകത്തിൽ ഒരിമിച്ചിരിക്കുമ്പോൾ തന്നെ നീ അവയോട് കരുണ ചെയ്വാനായിട്ട് നിന്നെ വിളിക്കുന്നു. ന്യായാസനത്തിങ്കൽ അവ രണ്ടിനോടും കരുണ ചെയ്യണമെ? തിങ്കളാഴ്ച സന്ധ്യാപ്രാർത്ഥനയിലെ കോലോയിൽ നാം ഇങ്ങനെ പ്രാർത്ഥിക്കുന്നു. ആത്മാവും. ശരിരവും ഒരു ക്രിസ്താനിയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ള താണ്. അവനവൻ അവനവന്റെ ശരിരത്തോടു കൂടി ഇരിക്കുമ്പോൾ ചെയ്യുന്നത് നന്മയായലും തിന്മയായലും അതിന്റെ പ്രതിഫലം പ്രാപിക്കും എന്നുള്ളതും നാം വായിക്കാറുണ്ട്. അതുകൊണ്ടാണ് പരിശുദ്ധ നോമ്പിൽ ബോവുസായിൽ ഇപ്രകാരം കാണുന്നത്. ആത്മാവും ശരീരവും ഒരുമിച്ച് നോമ്പു നോൽക്കേണ്ടിയിരിക്കുന്നതിനാൽ ശരീരം ഭക്ഷണത്തെ വെടിയുമ്പോൾ ആത്മാവ് തിന്മകളേയും വെടിയേണ്ടതാകുന്നു. ദുർവിചാരങ്ങളെ വെടിയാതെ ഭക്ഷണത്തെ മാത്രം വെടിഞ്ഞിട്ടുള്ള നോമ്പ് വ്യർത്ഥമായിട്ടുള്ളതാകുന്നു. കർത്താവേ ആത്മാവിലും ശരീരത്തിലും ശരിയായിട്ട് നോമ്പ് നോൽപ്പാൻ നിന്റെ കൃപ ഞങ്ങൾക്ക് കൂട്ടായിരിക്കേണമേ?. ഇതിൽ നിന്നും ആത്മീയ തലവും ഭൗതിക തലവും ഒരു ക്രിസ്താനിയെ സംബന്ധിച്ചടത്തോളം വളരെ പ്രാധാന്യമുള്ളതാണ് എന്നു കാണുവാൻ കഴിയും.

പലപ്പോഴും ഭക്ഷണം വെടിഞ്ഞാൽ നോമ്പു നോൽക്കുന്നതിൽ പങ്കാളിയായി എന്നൊരു ധാരണ പരന്നിട്ടുണ്ട്. മേൽ പറഞ്ഞ ബോവുസ്സായിൽ വ്യക്തമായി കാണുവാൻ കഴിയും ഭക്ഷണം വെടിഞ്ഞതുകൊണ്ട് നോമ്പ് പൂർണ്ണമാകുകയില്ല. ആത്മാവ് തിന്മകളെ വെടിയുക. അസൂയ, വെറുപ്പ്, വിദ്വേഷം, പക...etc വി: പൗലോസ് ശ്ലീഹായുടെ ലേഖനം വായിക്കുമ്പോൾ ആത്മാവിന്റെ തിന്മകളെ പറ്റി കൂടുതൽ പഠിക്കുവാൻ കഴിയും. നോമ്പു മൂലം മോശ ദൈവത്താൽ എഴുതപ്പെട്ട കല്പലകകളെ പ്രാപിച്ചു. നോമ്പിനാൽ ഏലിയാ ദൈവേഷ്ടനായി തീർന്നു. ആകാശവും ഭുമിയും അവനെ അനുസരിക്കുകയും ചെയ്തു. ദാനിയേൽ നോമ്പു നോറ്റ് സിംഹങ്ങളുടെ വായ് അടച്ചു. നോമ്പ് നിനവാക്കാരെ സഹായിച്ചു, അവരുടെ ശിക്ഷ നീക്കിക്കളഞ്ഞു. നീതിമാനും വിശുദ്ധനുമായ നോഹ നോമ്പിനാൽ ശ്രേഷ്ഠനായി തീർന്നു. നാശകരമായ പ്രളയത്തിൽ നിന്നും അവൻ രക്ഷ പ്രാപിച്ചു. അബ്രാഹാം നോമ്പുമൂലം ശക്തി പ്രാപിച്ച് വിഗ്രാഹാരാധനയിൽ നിന്നും തന്നത്താൻ രക്ഷിക്കപെട്ടു. ത്രീത്വം അവന്റെ ഭവനത്തിൽ വസിച്ചു. ഇങ്ങനെ പഠിക്കുമ്പോൾ ധാരാളം പേർ നോമ്പിനാൽ രക്ഷ പ്രാപിച്ചതും ദേശങ്ങളും, കുടുംബങ്ങളും, സന്തതി പരമ്പരകളും രക്ഷപ്രാപിച്ചത് കാണുവാൻ സാധിക്കും. ഈ ആയുസ്സിൽ ദൈവം ഒരു അവസരവും കൂടി നമുക്ക് നൽകിയിരിക്കുന്ന സന്ദർഭത്തിൽ ആത്മാവ് ശരീരത്തിൽ വസിക്കുമ്പോൾ തന്നെ പരിശുദ്ധമായ നോമ്പിലൂടെ കടന്ന് പരിശുദ്ധ പെസഹായ്ക്കു ചെന്നു ചേരുവാൻ സംഗതിയാക്കട്ടെ.

കടങ്ങളുടെ പരിഹാരവും പാപങ്ങളുടെ മോചനവും നാം രണ്ടുലോകങ്ങളിലും പ്രാപിക്കട്ടെ. സഭയുടെ കാനോനിക നടത്തിപ്പുകൾ പ്രത്യേക സാഹചര്യം എന്ന മറപിടിച്ച് സാത്താനിക പ്രലോഭനങ്ങൾക്ക് അടിമപെട്ട് മുന്നോട്ടുപോകുവാൻ ഇടവരുത്താതെ ഈ മദ്ധ്യപൂർവ്വ ദേശത്തെ സുറിയാനി സഭാ പിതാക്കന്മാർ കാണിച്ചുതന്ന മാർഗ്ഗം നമുക്കു കോട്ടയായിരിക്കട്ടെ. ദൈവസന്നിധിയിൽ കഴിഞ്ഞുപോയ ജീവിതത്തെ ശാന്തമായി സമർപ്പിക്കാം. വിശകലനം ചെയ്യാം. ധ്യാനനിരതരായി ക്രിസ്തീയ ജീവിതത്തെ മുന്നോട്ടു കൊണ്ടുപോകാം. അങ്ങനെ ദൈവീകമായ അത്ഭുതകരമായ ശോഭ നമ്മളെ പ്രകാശിപ്പിക്കട്ടെ? ഇഹലോകത്തിൽ ദുഷ്ടതകൾക്കും അധർമ്മങ്ങൾക്കും കീഴ്പെട്ടുപോയ അരിഷ്ടരായ ഞങ്ങളുടെ ജീവതത്തിനു ഗുണകരവും, യുക്തവുമായവയെ ഞങ്ങൾക്കു തരുന്നതിനു നീ മടിക്കരുതെ എന്നു പ്രാർത്ഥിക്കുന്നു.

**നിങ്ങളുടെ വികാരിയച്ചൻ**

## Embracing Imperfection
## Below Is A Touching Story Of A Girl

When I was a little girl my mom liked to make a break fast food for dinner every now and then. And I remember one night in particular when she had made breakfast after a long hard day at work.

On that evening so long ago my mom placed a plate of eggs, sausage and extremely burned toast in front of my dad. I remember waiting to see if anyone noticed! Yet all my dad did was reach for his toast, smile at my mom and ask me how my day at school. I don't remember what I told him that night, but I do remember watching him smear butter and jelly on that toast and eat every bite.

When I got up from the table that evening, I remember hearing my mom apologize to my dad for burning the toast. And I will never forget what he said 'baby, I love burned toast'.

Late that night, I went to kiss daddy good night and I asked them if he really liked his toast burned. He wrapped me in his arms and said 'Debbie, your momma put in a hard day at work today and she is really tired. And besides a little burnt toast never hurt anyone! 'You know life is full of imperfect things and imperfect people. I am not the best housekeeper or cook.

What I have learned over the years is that learning to accept each others faults and choosing to celebrate each others differences is the one of the most important keys to creating a healthy growing and lasting marriage relationship.

And that is my prayer for you today. That you will learn to take the good, the bad and the ugly parts of your married life and lay them at the feet of god. Because in the end he is the only one who will be able to give you a marriage where burnt toast isn't a deal breaker! We could extend this to any relationship in fact as understanding is the base of any relationship, be it a husband-wife or parent-child or friendship!

**Complied by Mrs. Joji Susan Mani**

# Announcements



**ശ്രദ്ധിക്കുക.** വലിയ നോമ്പിൽ ഞായറാഴ്ചകളിൽ വൈകീട്ട് വി. കുർബ്ബാന ഉണ്ടായിരിക്കുന്നതല്ല. അതിനു പകരമായി എല്ലാ ശനിയാഴ്ചകളിലും വൈകീട്ട് 7:30–ന് വി. കുർബ്ബാന. ഞായറാഴ്ച പൊതു അവധിയാണെങ്കിൽ രാവിലെ 8:00–ന് വി. കുർബ്ബാന

(18-03-2009) പാതിനോമ്പ്. പാതിനോമ്പിന്റെ ശുശ്രൂഷയും, വി. കുർബ്ബാനയും 17–03–2009 ചൊവ്വാഴ്ച വൈകീട്ട് 7:00–ന്.

(20-03-2009 വെള്ളി). പ: അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന സ്ലീബാ മോർ ഒസ്താത്തിയോസ്സ് ബാവായുടെ ഓർമ്മ വി. കുർബ്ബാന രാവിലെ 800–ന്

21-03-2009 ശനി. തെക്കൻ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായിരുന്ന നി. വ. ദി. ശ്രീ. കുറിയാക്കോസ് മോർ കൂറിലോസ് തിരുമേനിയുടെ ഓർമ്മ വി. കുർബ്ബാന വൈകീട്ട് 7:30–ന്

**25-03-2009 വി. ദൈവ മാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ. വി. കുർബ്ബാന 24–03–2009 ചൊവ്വാഴ്ച വൈകീട്ട് 7:00–ന്**

27-03-2009 Friday cottage prayer meeting ശ്രീ വി. ജെ അച്ചൻകുഞ്ഞിന്റെ ഭവനത്തിൽ വച്ച് നടത്തപ്പെടുന്നു. വൈകീട്ട് 7:30–ന്.

പാതിനോമ്പിന്റെ വി. കുർബ്ബാനയുള്ളതിനാൽ മാർച്ച് മാസത്തെ chain prayer 18–ാം തീയ്യതി ബുധനാഴ്ച മദ്ധ്യസ്ഥ പ്രാർത്ഥനയോടെ ആരംഭിച്ച് 19–ാം തീയ്യതി വ്യാഴാഴ്ച സന്ധ്യാ പ്രാർത്ഥനയോടെ അവസാനിക്കുന്നു.

കഴിഞ്ഞ മാസത്തെ ബുള്ളററിനിൽ പ: അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായിരുന്ന ഏലിയാസ് മോർ യൂലിയോസ് ബാവായുടെ പേര് യാക്കോബ് മോർ യൂലിയോസ് എന്ന് തെററായി അച്ചടിച്ചതിൽ ഖേദിക്കുന്നു

Wedding Bells Rang For Our Following Members

1. Mr. Anoop Paul With Ms. Sunena Anoop On 27th January 2009
2. Mr. Gijomon Mathew With Sini Gijomon On 8th February 2009

Congratulations! Wish Them To Lead A Happy & Ideal Marriage Life.



Our Member Mr. Poulose Palayil & family have been blessed with a baby boy on 11th February 2009 & named Ivan Basil Paul. Congratulations.

Our Member Mr. Binu Chakkappan & family have been blessed with a baby boy on 17th February 2009 & named Aldrin Binu. Congratulations.



**അനുശോചനം**: നമ്മുടെ ഇടവാകംഗം ശ്രീ സാജു ചെറിയാന്റെ grand mother_ഉം, ശ്രീ പത്രോസ് സി. എം–ന്റെ ജേഷ്ഠ സഹോദരനും കർത്താവിൽ നിദ്ര പ്രാപിച്ചു. പരേതരുടെ സന്തപ്ത കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തന്നതോടൊപ്പം, പരേതരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

യൂത്ത് അസ്സോസിയേഷൻ പ്രതിമാസ യോഗം എല്ലാ രണ്ടാം വെള്ളിയാഴ്ചകളിലും, മൊർത്ത്–മറിയം വനിതാ സമാജം എല്ലാ ഒന്നും, നാലും വെള്ളിയാഴ്ചകളിലും, സോഷ്യൽ സർവ്വീസ് ലീഗ് എല്ലാ മൂന്നാം വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു.

Cottage Prayer Meeting നടത്തുവാൻ താൽപര്യമുള്ളവർ ശ്രീ രാജു. കെ വർഗ്ഗീസിനെ ബന്ധപ്പെടുക. (39974567) വീടുകളിൽ നടത്തുവാൻ സൗകര്യമില്ലാത്തവർക്ക് പള്ളിയിൽ വച്ച് നടത്തുന്നതിന് സൗകര്യമുണ്ടായിരിക്കും.





**ഓർമ്മ പെരുന്നാൾ കൊണ്ടാടി**


മഹാ പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏല്യാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ ഓർമ്മ പെരുന്നാൾ 2009 ഫെബ്രുവരി 12, 13 വ്യാഴം, വെള്ളി ദിവസങ്ങളിൽ വന്ദ്യ ദിവ്യ ശ്രീ: മാത്യൂസ് ചെറിയാൻ കോറെപ്പിസ്ക്കോപ്പായുടെ പ്രധാന കാർമ്മികത്വത്തിൽ കൊണ്ടാടി. പ്രഭാത പ്രാർത്ഥന, വി:കുർബ്ബാന, പ്രസംഗം, പെരുന്നാൾ ഏറ്റുകഴിക്കുന്നവർക്കുവേണ്ടി പ്രത്യേക സമർപ്പണ പ്രാർത്ഥന. ആശീർവാദം, നേർച്ച വിളമ്പ് എന്നിവയോടെ പെരുന്നാൾ സമാപിച്ചു.


# Great Lent Gospel 2009 Planner

1. Monday February 23 Matthew 1-3
2. Tuesday February 24 Matthew 4-6
3. Wednesday February 25 Matthew 7-9
4. Thursday February 26 Matthew 10-12
5. Friday February 27 Matthew 13-14
6. Saturday February 28 Matthew 15-16
7. Sunday March 1 - Leper Sunday
8. Monday March 2 Matthew 17-18
9. Tuesday March 3 Matthew 19-20
10. Wednesday March 4 Matthew 21-22
11. Thursday March 5 Matthew 23-24
12. Friday March 6 Matthew 25-26
13. Saturday March 7 Matthew 27-28
14. Sunday March 8 - Paralytic Sunday
15. Monday March 9 Mark 1-3
16. Tuesday March 10 Mark 4-6
17. Wednesday March 11 Mark 7-9
18. Thursday March 12 Mark 10-12
19. Friday March 13 Mark 13-14
20. Saturday March 14 Mark 15-16
21. Sunday March 15 - Canaanite Woman
22. Monday March 16 Luke 1-3
23. Tuesday March 17 Luke 4-6
24. Wednesday March 18 Luke 7-9
25. Thursday March 19 Luke 10-12
26. Friday March 20 Luke 13-14
27. Saturday March 21 Luke 15-16
28. Sunday March 22 - Crippled Woman
29. Monday March 23 Luke 17-18
30. Tuesday March 24 Luke 19-20
31. Wednesday March 25 Luke 21-22
32. Thursday March 26 Luke 23-24
33. Friday March 27 John 1
34. Saturday March 28 John 2-3
35. Sunday March 29 - Blind Man
36. Monday March 30 John 4-5
37. Tuesday March 31 John 6
38. Wednesday April 1 John 7-8
39. Thursday April 2 John 9-10
40. Friday April 3 John 11
41. Saturday April 4 John 12
42. Sunday April 5 - Palm Sunday
43. Monday April 6 John 13-14
44. Tuesday April 7 John 15-16
45. Wednesday April 8 John 17-18
46. Thursday April 9 John 19
47. Friday April 10 John 20
48. Saturday April 11 John 21
49. **Easter Sunday April 12 HE IS RISEN! WELL DONE**











## 4th Happy Birth Day
## 30-03-2009




Maria Ann Raju









## 11th Happy Birth Day
## 03-03-2009



Sherin Susan Issac

*ഒരിക്കലും മായാത്ത ഓർമ്മകളുമായി ഇന്നും ഞങ്ങളിൽ ജീവിക്കുന്ന ആർബിയും, സിനുവും*

വേർപാടിന്റെ 3 വർഷം പിന്നിടുന്നു



ആദരാഞ്ജലികളോടെ
ബഹറിനിലെ കൂട്ടുകാർ

## ബൈബിൾ ക്വിസ്സ്- മാർച്ച് 2009

### 1 ശാമുവേൽ

### ആര് ആരോടു പറഞ്ഞു

1.“ഞാനും നീയും തമ്മിൽ പറഞ്ഞിരിക്കുന്ന കാര്യത്തിലോ യഹോവ എനിക്കും നിനക്കും മദ്ധ്യേ എന്നേക്കും സാക്ഷി“

2.“യിസ്രായേലിൻെറ മഹത്വമായവൻ ഭോഷ്ക്കു പറകയില്ല അനുതപിക്കയുമില്ല അനുതപിപ്പാൻ അവൻ മനുഷ്യനല്ല“

3.“യഹോവയല്ലോ തൻെറ ഇഷ്ടംപോലെ ചെയ്യട്ടെ“

4.“സമാധാനത്തോടെ പൊയ്ക്കൊൾക, യിസ്രായേലിൻെറ ദൈവത്തോട് നീ കഴിച്ച അപേക്ഷ അവൻ നിനക്കു നല്കുമാറാകട്ടെ“

5.“ഞാനോ വൃദ്ധനും നരച്ചവനുമായി, എൻെറ മക്കൾ നിങ്ങളോടു കൂടെയുണ്ട്“

6.“എനിക്കറിയാം എനിക്കു നിന്നെ ഒരു ദൈവദൂതനെപ്പോലെ ബോധിച്ചരിക്കുന്നു“

7.“മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു യഹോവയോ ഹൃദയത്തെ നോക്കുന്നു“

8.“ശത്രുവിനെ കണ്ടുകിട്ടിയാൽ ആരെങ്കിലും അവനെ വെറുതെ വിടുമോ“

9.“സമാധാനത്തോടെ വീട്ടിലോട്ടു പൊകുക ഇതാ ഞാൻ നിൻെറ വാക്കു കേട്ട് നിൻെറ മുഖം ആദരിച്ചിരിക്കുന്നു“

10.“ഈ പട്ടണത്തിൽ ഒരു ദൈവപുരുഷനുണ്ട്, അവൻ മാന്യനാകുന്നു“

11.“രാജസന്നിധിയിൽ കൂകുന്ന നീ ആര്“

12.നീ വടിയുമായി എൻെറ നേരെ വരുവാൻ ഞാൻ നായോ“

13.“അധികംകൊണ്ടോ അല്പംകൊണ്ടോ രക്ഷിക്കുവാൻ യഹോവയ്ക്കു പ്രയാസമില്ലല്ലോ“


14.“നീ എന്നെ ചതിച്ചതെന്ത്“

15.“ഞാൻ നിനക്കു പത്തു പുത്രന്മാരേക്കാൾ നന്നല്ലയോ”

### ക്വിസ്-2 ഉത്തരങ്ങൾ

1. ദോവേഗ് 22:18
2. ഏലിയാബ് 16:6
3. സിക്ലാഗ് 27:6
4. മീഖാൾ 19:13
5. സീഫ് മരിഭൂമി 23:18
6. 5 എണ്ണം 17:40
7. ദാവീദ് 26:9
8. 400 ബാല്യക്കാർ 30:17
9. 6 മുഴവും ഒരു ചാണും 17:4
10. ഗത്ത് രാജാവായ ആഖീശിൻെറ മുമ്പിൽ 21:13
11. അദ്രിയേലിന് 18:19
12. ബേത്ത്-ശാൻെറ ചുവരിന്മേൽ 31:10
13. ശൗൽ 28:8
14. നാബാൻ 25:2
15. 3 പ്രാവശ്യം 20:41

# Are You Bible Literate?
# Bible Crossword # 3 (March 2009)




Leela Alexander

**ACROSS**

**1** Which apostle was released from prison by angel who opened the prison's iron gate?
**5** Who saw the angel of the Lord in the form of a flame?
**7** Which Roman official was visted by an angel who told him God had heard his prayers?
**9** The angel of the Lord appeared to Hagar and told her what to name the child. What was the child's name?
**10** Who was carried by angels to Abraham's bosom?
**11** Which person did angel prevent from the act of child killing?
**12** The only person known to have wrestled with angel?
**13** Who was the ungodly ruler of New Testament times,struck down by an angel ?

**DOWN**

**2** How many angels rescued Lot and his family from the doomed city of Sodom?
**3** What was the name of the angel who appeared to Mary and Zacharias?
**4** Elijah was nurtured by an angel after his flight from the evil queen. Who was the queen?
**6** Which prophet was fed two meals by an angel?
**8** This man's mother was visited by the angel who told her,she would have a son who will be a Nazirite ofGod .
**9** Who had his lips touched by live coal held by a seraph?

**അടുത്ത മാസത്തെ ബുള്ളററിൻ ഏപ്രിൽ മാസം 3–ന് പ്രസദ്ധീകരിക്കുന്നതിനാൽ എല്ലാ ഉത്തരങ്ങളും, ലേഖനങ്ങളും മാർച്ച് 27–ന് മുമ്പ് ഏല്പിക്കേണ്ടതാണ്**

**Useful References:**

**Genesis 16, Genesis 19, Acts 12, Luke 1, Judges 13, 1Kings 19, Genesis 32, Acts 10, Isaiah 6, Genesis 22, Acts 12, Luke 16, 1Kings 19, Exodus 3.**

1. This is the third in the series of Bible crossword puzzles for 2009.
2. This time all the clues are about **encounters with angels** mentioned in the Bible.
3. Solve the crossword and deposit your answers in the box near the door to the church within 14 days after the release of the news letter.
4. This contest is open to all; Sunday school students and adults.
5. The winners' names will be published in the Church Newsletter.
6. The annual award is given only to Sunday school students.
7. A few references are given. Use them if necessary.
8. You may also send the answers to me by email.
9. My email address is

**bibleliterate@gmail.**com

**Winners of Bible Crossword February 2009**

**TOTAL 42 WINNERS**

- **Abram Biji**
- **Acsah Elizabeth**
- **Akhil Basil Paulose**
- **Albert M Johns**
- **Aneena Mary Abraham**
- **Angel Ann Joshua**
- **Anju Paulose**
- **Ann Biji**
- **Ashik James**
- **Ashley Shaju**
- **Aswin Kurian**
- **Christy Mary Thomas**
- **Dan Abraham**
- **Delna Anna Abraham**
- **Edhel Elsa Ann Joshua**
- **Elaine Agith**
- **Elsa Maria Thomas**
- **Flemy P Eby**
- **Jackson Jerom James**
- **Jeeba C Biju**
- **Jibu Joseph Biju**
- **Joseph Sabu**
- **Kamal Baby Paul**
- **Lemma Ana Crisostom**
- **Lian Gijo**
- **Linu Varghese**
- **Manuel Benny**
- **Maria Anna Eldho**
- **Merin Mary Basil**
- **Milan Mani Mathew**
- **Naomi Johns**
- **Ria Mariam**
- **Ron Joseph**
- **Samuel Benny**
- **Sandra Saju**
- **Sebine Scaria**
- **Serene Scaria**
- **Sian Gijo**
- **Sneha Elsa Kuruvilla**
- **Sruthi Mariam Saju,**
- **Thomas Sabu**
- **Vivek Solomon**

**Crossword 1 January 09 winner: Milan Mani Mathew (Name to be included in the January list)**

**Congratulations** **Leela Alexander**

## Answer to Bible Crossword 2 February 2009

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| D | | | I | | | M | | | J | | J | |
| A | M | O | S | | | A | B | S | A | L | O | M |
| N | | | A | | | N | | | C | | H | |
| I | | M | I | D | I | A | N | | O | | N | |
| E | | | A | | | S | | | B | | | |
| L | | | H | | | S | | J | | | Z | |
| | | | | | | E | Z | E | K | I | E | L |
| | | | | | | H | | P | | | D | |
| | | | | | | | | H | | | E | |
| J | O | S | E | P | H | | | T | | | K | |
| | | | | | A | | | H | | | I | |
| | | | | | G | E | D | A | L | I | A | H |
| | | | | | A | | | H | | | H | |
| | | | C | Y | R | U | S | | | | | |

ബൈബിൾ ക്വിസ്സിന്റെ കഴിഞ്ഞ മാസത്തെ വിജയികൾ

വിജയികൾക്ക് അഭിനന്ദനങ്ങൾ, അന്നമ്മ ജോസഫ്

1. Achamma Elias
2. Alyamma Thomas
3. Aneena Mary Abraham
4. Babu P V
5. Biju Thelapillil
6. Bisy Eby
7. Blessy Prajeesh
8. Delna Anna Abraham
9. Giby Elson
10. Joji Susan Mani
11. Laly C Joshua
12. Leena Benny
13. Lema Ana Chrisostum
14. Linda Sara Abraham

1. Mercy Abraham
2. Moly Baby
3. Nimmy Jacob
4. Preethi Jijo
5. Reji Solomon
6. Rejina Joseph
7. Reny Eldho
8. Shaiby Baby
9. Shelby Jacob
10. Shiny Saju
11. Simi Alias
12. Sony Roy
13. Suja Kuruvila
14. Zibi Benny

# Thanks Giving For Favours Received





**Anish Joseph & Ajish Joseph**

**Anish Joseph & Ajish Joseph**

# Thanks Giving For Favours Received






**Athen Thomas Mathew**

**George Elias & Shaino Elias**




ഈ വർഷത്തെ മഞ്ഞനിക്കര ബാവായുടെ ഓർമ്മപെരുന്നാളിനോടുനുബന്ധിച്ച് നേർച്ചയുണ്ടാക്കുന്ന ചില ദൃശ്യങ്ങൾ






ഈ വർഷത്തെ മഞ്ഞനിക്കര ബാവായുടെ ഓർമ്മപെരുന്നാളിനോടുനുബന്ധിച്ച്
നേർച്ചയുണ്ടാക്കുന്ന ചില ദൃശ്യങ്ങൾ



# മകന്റെ അച്ചൻ




സ്വകാര്യ സന്ദർശനാർത്ഥം നമ്മുടെ ഇടവക സന്ദർശിച്ച വന്ദ്യ ദിവ്യ ശ്രീ: മാത്യൂസ് ചെറിയാൻ കോറെപ്പിസ്ക്കോപ്പാ അച്ചന് ഇടവകയുടെ ഉപഹാരം സമർപ്പിക്കുന്നു



# പരിശുദ്ധ: സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ ജീവ ചരിത്രം




പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന പ്രതിനിധിയായി ദീർഘകാലം മലങ്കരയിൽ പ്രവർത്തിച്ച പരിശുദ്ധ: സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ 79–ാം ശ്രാദ്ധപ്പെരുന്നാൾ മാർച്ച് 19–ന് വി: സഭ കൊണ്ടാടുന്നു. പരിശുദ്ധ: പിതാവിനെപോലെ ജീവിതം മുഴുവൻ മലങ്കര സഭക്കുവേണ്ടി സമർപ്പിച്ച മറ്റൊരു അന്ത്യോഖ്യാ പ്രതിനിധി ഇല്ല. ചെറുപ്പത്തിൽ ശെമ്മാശ്ശനായിരുന്നപ്പോൾ തന്നെ പിതാവ് മലങ്കരയിൽ വന്നു. സണ്ടേസ്കൂൾ, സുവിശേഷവേല, സ്ലീബദാസ സമൂഹം തുടങ്ങി മലങ്കരയിൽ ഇന്നു കാണുന്ന പ്രസ്ഥാനങ്ങളുടെ ആരംഭകനോ, കാരണക്കാരനോ മോർ ഒസ്താത്തിയോസ് ബാവയാണ്. രോഗശമനത്തിനും ആശ്വാസത്തിനുമായി ബാവായുടെ സന്നിധിയിലേക്ക് ജനങ്ങൾ ഒഴുകിയെത്തുമായിരുന്നു. മറുഭാഗത്തെ വട്ടശ്ശേരി തിരുമേനി, ബാവായെക്കുറിച്ച് ഒരിക്കൽ പ്രസ്താവിച്ചത് വി. അന്ത്യോഖ്യാ പ്രതിനിധികളായി മുൻപ് പല പിതാക്കന്മാരും വന്നിട്ടുണ്ട് എങ്കിലും ഇപ്പോൾ ആ സ്ഥാനം വഹിക്കുന്ന ആബൂൻ മോർ ഒസ്താത്തിയോസിനെക്കാൾ മലങ്കര സഭക്ക് വാത്സല്യ ഭാജനമായ മററൊരു സിംഹാസന പ്രതിനിധി ഉണ്ടായിട്ടില്ല എന്ന് നിസംശയം പറയാം എന്നാണ്.

ബാവ ജനിച്ചത് 1854 ജനുവരി ഒന്നാം തീയ്യതി ആയിരുന്നു. മെസോപട്ടോമ്യയിലെ കഫറനോ ഗ്രാമത്തിൽ അബാക്കർ കുടുംബത്തിൽ സൽബിയുടേയും, നമ്പുവിൻേറയും പുത്രനായി ബാവ ഭൂജാതനായി. പിതാവിൻെറ മരണശേഷം സഹോദരനായ സൗമ്മയുടെ സംരക്ഷണത്തിലായിരുന്നു സ്ലീബാ വളർന്നത്. മററൊരു പിതൃ സഹോദരനായ ദനഹാ കശീശ്ശയിൽ നിന്നും പ്രാരംഭ വിദ്യാഭ്യാസം നേടി. അതിനുശേഷം ദമസ്ക്കോസ് പള്ളി വികാരിയായിരുന്ന ശെമവൂൻ റമ്പാച്ചൻെറ കൂടെ പോയി താമസിച്ച് സുറിയാനി ഭാഷയിലും വേദശാസ്ത്രത്തിലും ആവശ്യമായ പാണ്ഡ്യിത്യം നേടി. താൻ പഠിച്ചുകൊണ്ടിരുന്ന കാലത്ത് ഒരു യുദ്ധ ഭീതി മൂലം ആ പ്രദേശത്തുള്ളവർ എല്ലാവരും അവിടംവിട്ട് പോയപ്പോൾ സ്ലീബായും അദ്ദേഹത്തിൻെറ ഗുരുവായ ശെമവൂൻ റമ്പാച്ചനും മാത്രം അവിടെ അവശേഷിച്ചു. സാമ്പത്തിക ദാരിദ്രത്തിൽ ആ ദയറായുടെ നിത്യവൃത്തിക്കുവേണ്ടി സ്ലീബാ അകലെയുള്ള സ്ഥലത്ത് പോയി ജോലി ചെയ്യുകയും ദയറായുടെ ആവശ്യങ്ങൾക്കുവേണ്ടി അദ്ധ്വാനിക്കുകയും ചെയ്തു. സ്വന്തം സുഖത്തെ മറന്ന് മററുള്ളവർക്കുവേണ്ടി ത്യാഗം സഹിക്കുന്നതിനുള്ള സന്നദ്ധത അദ്ദേഹത്തിൽ ചെറുപ്പം മുതൽ വേരൂന്നിയിരുന്നു. അത് തൻെറ മരണം വരെ ജീവിതത്തിൽ പാലിക്കുവാൻ അദ്ദേഹം പരിശീലിച്ചിരുന്നു. മലങ്കരസഭയിൽ നവീകരണ സിദ്ധാന്തങ്ങളുമായി മുന്നോട്ട് പോയിരുന്ന പാലക്കുന്നത്ത് മാത്യൂസ് അത്താനാസ്യോസിനെ മുടക്കിയിട്ട് മലങ്കര സഭയെ ഭരണ

സംവിധാനത്തിലാക്കുകയും ചെയ്തിട്ട് തിരിച്ചെഴുന്നെള്ളിയ പ: പത്രോസ് പാത്രിയർക്കീസ് ബാവ, സ്ലീബായുടെ ഗുരുവായ ശെമവൂൻ റമ്പാച്ചനെ മോർ അത്താനാസ്യോസ് എന്ന പേരിൽ വാഴിച്ച് അന്ത്യോഖ്യാ പ്രതിനിധിയായി മലങ്കരയിലേക്കയച്ചു. അതോടൊപ്പം സ്ലീബാക്ക് ശെമ്മാശപട്ടം നൽകി. തൻെറ ഗുരുവിൻെറ കൂടെ മലങ്കരയിലേക്ക് വരുവാൻ ശെമ്മാശ്ശനും തയ്യാറായി. അങ്ങനെ 1881–ൽ മലങ്കരയിലെത്തി. സഭയുടെ കേന്ദ്രങ്ങൾ നവീകരണ വിഭാഗത്തിൻെറ പിടിയിലായതിനാൽ കോട്ടയം പുത്തൻപള്ളിയിലാണ് ബാവായും ശെമ്മാശ്ശനും താമസിച്ചത്. യാക്കോബായ വിശ്വാസം നിലനിർത്തുന്നതിനായി അവർ മലങ്കരയൊട്ടാകെ സഞ്ചരിച്ച് പ്രവർത്തിച്ചു. എന്നാൽ തൻെറ ഗുരുവായ മോർ അത്താനാസ്യോസ് ബാവായുടെ ആകസ്മീകമായ മരണം (1889–ൽ ബാവ കാലം ചെയ്ത് കോട്ടയം പുത്തൻ പള്ളിയിൽ കബറടങ്ങി.) സ്ലീബാ ശെമ്മാശ്ശനെ തളർത്തി. എങ്കിലും മലങ്കരയിൽ തുടർന്നും സഭാ സേവനം നടത്താനുള്ള തീരുമാനവുമായി പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്നാസ്യോസ് തിരുമേനിയുടെ കൂടെ പഴയ സെമിനാരിയിൽ താമസമാക്കി. വേറൊരു രാജ്യത്ത് താൻ ഒറ്റപ്പെട്ടുപോയി എന്ന ചിന്ത സ്ലീബാ ശെമ്മാശ്ശന് ഉണ്ടായിരുന്നുവെങ്കിലും തൻെറ കഴിവനുസരിച്ച് സുവിശേഷ വേലയിലും അദ്ദേഹം ശ്രദ്ധവച്ചു. ചില വർഷങ്ങളിൽ ശെമ്മാശ്ശൻ ആലുവാ മണപ്പുറത്ത് ശിവരാത്രി കാലങ്ങളിൽ അവിടെ കൂടുന്ന അക്രൈസ്തവരോട് സുവിശേഷം അറിയിക്കുമായിരുന്നു. പരിഭാഷകർ ഉണ്ടായിരുന്നില്ലായെങ്കിൽപ്പോലും തനിക്കറിയുമായിരുന്ന മലയാള പദങ്ങൾ ഉപയോഗിച്ച് പ്രസംഗം നടത്തുമായിരുന്നു. മലങ്കരയിലെ വിവിധ പള്ളികളിൽ പോയി സുവിശേഷ പ്രസംഗങ്ങൾ നടത്തി. നമ്മുടെ സഭയുടെ സുവിശേഷ വേലയുടെ ആരംഭമതായിരുന്നു. പ്രധാന പരിഭാഷകർ മത്തായി ശെമ്മാശ്ശൻ (മോർ ഔഗേൻ ബാവ), എ. ജെ മീഖായേൽ ശെമ്മാശ്ശൻ (മീഖായേൽ മോർ ദീവന്നാസ്യോസ് തിരുമേനി) പി. പി. ജോസഫ് ശെമ്മാശ്ശൻ (കാലം ചെയ്ത ശ്രേഷ്ഠ ബാവായുടെ പിതാവ്) എന്നിവരായിരുന്നു. ഈ സഞ്ചാര സുവിശേഷ പ്രവർത്തനങ്ങൾ ആയിരിക്കാം സ്ലീബ ദാസ സമൂഹത്തിന് മാതൃകയായി തീർന്നത്. നമ്മുടെ സഭയിൽ നിന്നും മാർത്തോമ്മാ സഭയിലേക്ക് അക്കാലത്തുണ്ടായ മാററം തടയുവാൻ ശെമ്മാശൻെറ ഈ പ്രവർത്തനം വളരെ സഹായിച്ചു. സ്ലീബാ ശെമ്മാശ്ശനെകുറിച്ച് പരി: പരുമല തിരുമേനിക്ക് അതിയായ വാത്സല്യം ആയിരുന്നു. ശെമ്മാശ്ശൻെറ പ്രാർത്ഥനാ ജീവിതം, ഉപവാസം, ധ്യാനം തുടങ്ങിയവയായിരുന്നു അതിനു കാരണം. 1895–ൽ പ: പരുമല തിരുമേനി യെരുശലേം തീർത്ഥാടനത്തിനു പോയപ്പോൾ സ്ലീബാ ശെമ്മാശ്ശനേയും ഉൾപെടുത്തി. ആ യാത്രയിൽ ശെമ്മാശ്ശൻ ചെയ്ത സേവനങ്ങളെക്കുറിച്ച് പരുമല തിരുമേനിയുടെ യെരുശലേം യാത്രാവിവരണം എന്ന പുസ്തകത്തിൽ വിവരിച്ചിട്ടുണ്ട്. പ: സഭയുടെ വിശ്വാസത്തെ സംരക്ഷിക്കുന്നതിനു വേണ്ടി മ്ശീഹൈക്യസ്വഭാവം(1904), യാക്കോബായക്കാർ (1905) എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചു. സ്ലീബാ ശെമ്മാശ്ശനെ മെത്രാപ്പോലീത്തായായി വാഴിച്ച് മലങ്കര സഭയിലേക്ക് അന്ത്യോഖ്യാ പ്രതിനിധിയായി അയക്കുവാൻ പരിശുദ്ധ പാത്രിയർക്കിസ് ബാവ തീരുമാനിച്ചു. ആയതിനാൽ 25 വർഷത്തെ മലങ്കരയിലെ ശുശ്രൂഷക്കുശേഷം അദ്ദേഹം സ്വദേശത്തേക്കു മടങ്ങി. തുടർന്ന് മറ്റ് സ്ഥാനങ്ങൾ

നൽകിയ ശേഷം 1908–ൽ പരിശുദ്ധ അബ്ദുള്ള രണ്ടാമൻ പാത്രിയർക്കീസ് ബാവ മോർ ഒസ്താത്തിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച് മലങ്കരയിലേക്കയച്ചു. പുലിക്കോട്ടിൽ മോർ ദീവന്നാസ്യോസ് രണ്ടാമൻെറ കാലത്തിനുശേഷം മലങ്കരയിലെ കാര്യങ്ങൾ വളരെ ഭംഗിയായി നിർവഹിച്ചു. വട്ടശ്ശേരി തിരുമേനിയെ പഴയ സെമിനാരിയിൽ വച്ച് മലങ്കര മെത്രാപ്പോലീത്തയായി നിയമിച്ച ശുശ്രൂഷയിൽ മുഖ്യ കാർമ്മികൻ മോർ ഒസ്താത്തിയോസ് ബാവയായിരുന്നു. തുടർന്നു നടന്ന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചതും ബാവായായിരുന്നു. മെത്രാപ്പോലിത്തായായിരുന്നുവെങ്കിലും ബാവുടെ ജീവിത രീതിയിലൊ പ്രവർത്തനശൈലിയിലൊ യാതോരു മാററവും വന്നില്ല. ഇടവക സന്ദർശന വേളകളിൽ രോഗികളേയും വേദനയിലിരിക്കുന്നവരേയും ആശ്വസിപ്പിക്കുവാനും ബാവ ശ്രദ്ധിക്കുമായിരുന്നു. പള്ളികൾ സന്ദർശിക്കുമ്പോൾ അവിടെ നടക്കുന്ന വിവാഹ കൂദാശകളിലും ശവസംസ്ക്കാരങ്ങളും ക്ഷണം കൂടാതെ തന്നെ ബാവ പങ്കെടുക്കുമായിരുന്നു. ഈ കാര്യങ്ങളിൽ മെത്രാപ്പോലീത്താ സ്ഥാനമോ കീഴ് നടപടികളോ, പെരുമാററ ചട്ടങ്ങളോ തടസ്സമായിരുന്നില്ല. അതാണ് *പാവങ്ങളുടെ മെത്രാൻ* എന്ന് പരാമർശിക്കപെടുവാൻ ഇടയായത്. 1911–മുതൽ മലങ്കരസഭയെ സംബന്ധിച്ച് കലഹത്തിൻെറ കാലമായിരുന്നു. ഇത് ബാവായെ ഏററവും വേദനിപ്പിക്കുന്ന സംഭവവുമാണ്. മലങ്കര സഭയുടെ സമുദായ കേസിന് ആവശ്യമായ സാമ്പത്തീക സഹായങ്ങൾക്കായി അനേകം ഇടയ ലേഖനങ്ങൾ എഴുതി. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻെറ കീഴിൽ ഉറച്ചു നിൽക്കുവാൻ സാധിക്കുന്ന രീതിയിൽ പള്ളികളുടെ ആവശ്യകതയെ മനസ്സിലാക്കിയ അദ്ദേഹം സിംഹാസന പള്ള ികൾ എന്ന ആശയം ആദ്യമായി മലങ്കരയിൽ കൊണ്ടുവരികയും അതിൻെറ ആരംഭമായി മെത്രാൻകക്ഷികൾ ഭുരിഭാഗമുള്ള കുന്നംകുളത്ത് 1902 ഒക്ടോബർ 9–ന് സിംഹാസന പള്ളിക്ക് ആരംഭമിടുകയും ചെയ്തു. 1922–ൽ വടവുകോട് പള്ളിക്കും, 1924–ൽ മലേക്കുരിശ് സെൻറ് ജോർജ് ദയറാക്കും അടിസ്ഥാനമിട്ടു. പുലിക്കോട്ടിൽ ദീവന്നാസ്യോസ് തിരുമേനിയും, പരുമല തിരുമേനിയും തുടങ്ങിവച്ച സണ്ടേസ്കൂൾ വിദ്യാഭ്യാസം കുറച്ചുകൂടി നല്ല രീതിയിൽ നടത്തുവാൻ ബാവ ശ്രമിച്ചു. വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകൾ സുറിയാനിയിൽ നിന്നും ക്രോഡീകരിച്ചതും ബാവായായിരുന്നു. അധ:കൃതരുടെയിടയിലുള്ള സ്ലീബ വേലയെപറ്റി ബാവക്ക് വളരെ സന്തോഷമായിരുന്നു. ബാവ കരിങ്ങാച്ചിറ പള്ളിയിൽ താമസ്സിക്കുമ്പോൾ കുറേപ്പേരെ മാമ്മോദീസാ മുക്കുകയുണ്ടായി. ബാവായുടെ കയ്യിൽ ഉണ്ടായിരുന്ന മോർ കൗമാ സഹദായുടെ തിരുശേഷിപ്പുകൊണ്ട് അനേകം പേർക്ക് സൗഖ്യം നൽകി. ബാവായുടെ പ്രാർത്ഥനമൂലം സന്താന സൗഭാഗ്യം ലഭിച്ചവർ അനേകരാണ്. തനിക്ക് ലഭിച്ചിരുന്ന കൈമുത്തുകൾ നാനാ ജാതി മതസ്ഥരായിരുന്ന ദരിദ്രന്മാർക്ക് വിഭാഗിച്ചു കൊടുക്കുവാൻ അദ്ദേഹത്തിന് സന്തോഷമായിരുന്നു. മലങ്കരയിലെ ഒട്ടനവധിപേർ ബാവായിൽ നിന്നും പട്ടമേറ്റിട്ടുണ്ട്. മോർ ഔഗേൻ ബാവാ, പത്രോസ് ഒസ്താത്തിയോസ് തിരുമേനി(സ്ലീബ ദാസ സമൂഹം), കോനാട്ട് അബ്രാഹാം മല്പ്പാൻ, വായിത്ര പുന്നൂസ് കോറെപ്പിസ്ക്കോപ്പാ, പുളിക്കപെറമ്പിൽ ജോസഫ് കോറെപ്പിസ്ക്കോപ്പാ, മലങ്കര മല്പാൻ വന്ദ്യ കണിയാമ്പറമ്പിലച്ചൻ,

തുടങ്ങിയവർ ഇതിലുൾപ്പെടുന്നു. പൊയ്ക്കാട്ടുശേരി മോർ ബഹനാം യാക്കോബായ പള്ളിയിൽ ബാവ താമസിച്ചിട്ടുണ്ട്. 1927–മുതൽ ബാവായുടെ ആരോഗ്യസ്ഥിതി മോശമായി വന്നു. 1930–മാർച്ച് 19–ന് 76–ാം വയസസിൽ തൻെറ നല്ല നിലയിലുള്ള ജീവിതം അവസാനിപ്പിച്ച് തൻെറ അരുമനാഥനിലേക്ക് ചേർക്കപെട്ടു. ഭൗതീക ശരീരം താൻ സ്ഥാപിച്ച കുന്നംകുളം ആർത്താറ്റ് സെൻറ്. മേരീസ് സിംഹാസന പള്ളിയിൽ കബറടക്കി. ആ വിശുദ്ധൻെറ കബറിൽ നിന്നും ദൈവം തൻെറ മക്കൾക്ക് ഇന്നും അനുഗ്രഹം പ്രദാനം ചെയ്യുന്നു. എളംകുളം, പൊയ്ക്കാട്ടുശ്ശേരി, കോഴിക്കോട് കോയമ്പത്തൂർ, ബാംഗളൂർ തുടങ്ങിയ അനേകം പള്ളികളിൽ ബാവായുടെ ഓർമ്മപ്രത്യേകമായി കൊണ്ടാടുന്നു. വടവുകോട് പള്ളി, മലേക്കുരിശ് ദയറാ, എളംകുളം സിംഹാസന പള്ളി എന്നിവിടങ്ങളിൽ ബാവായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുണ്ട്. മലങ്കരയിലെ പരിശുദ്ധ: എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ അപേക്ഷ പ്രകാരം 2000 ഏപ്രിൽ 4–ന് പ: ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ E 71/2000 കല്പനയായി ബാവായെ വിശുദ്ധന്മാരുടെ ഗണത്തിൽ ഉൾപ്പെടുത്തികൊണ്ട് കല്പന പുറപ്പെടുവിച്ചു. പരിശുദ്ധ പാത്രിയർക്കിസ് ബാവായുടെ ദ്വിതീയ ഭാരത സന്ദർശന വേളയിൽ (2000) പുത്തൻകുരിശിൽ വച്ചാണ് ഈ പ്രഖ്യാപനം നടത്തിയത്. പ. പാത്രിയർക്കിസ് ബാവായുടെ തൃതീയ ഭാരത സന്ദർശന വേളയിൽ (2004) പ. ബാവായുടെ അദ്ധ്യക്ഷതയിൽ 23–09–2004–ന് കരിങ്ങാച്ചിറയിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് പ: സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ പേര് ബാവ കബറടങ്ങിയിട്ടുള്ള കുന്നംകുളം സിംഹാസന പള്ളിയിൽ വി: കുർബ്ബാന മദ്ധ്യേ 5–ാം തുബ്ദേനിൽ ഓർക്കുവാൻ അനുവാദം നൽകി. പരിശുദ്ധ സ്ലീബാ മോർ ഒസ്താത്തിയോസ് ബാവായുടെ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ....



പരിശുദ്ധ അന്ത്യോഖ്യാ സിംഹാസന സ്ഥാപന ദിനത്തോടനുബന്ധിച്ച് ബഹുമാനപ്പെട്ട വികാരി ഫാ. പോൾ മാത്യു പാത്രിയർക്കാ പതാക ഉയർത്തുന്നു.

# New Faces To Our Parish



**Eldho Varghese (E-032)**
Ayyambilly House
Karayamparambu, Karukutty P.O
Pin 683576, Ankamaly
Home Parish. St Georges JSO, Karayamparambu
Dioceses: Ankamaly
Present Address: Clear Vision Optical, Gudaibiya
Bahrain, Tel: +973 17250201 & Mob: +973 39430723



**Emil Issac K. A (E-033)**
Kochakkan House
Ayyambilly P.O, Ernakulam [Dist]
Home Parish. St Johns JSO, Ayyambilly
Dioceses: Kochi
Present Address: Jawad maintenance,
P. O Box: 430, Bahrain. Mob: +973 39625623



**Gijo Rajan (G-028)**
Valiyaparambil House
Kanjiramattom P. O
Ernakulam Pin 682315,
Home Parish. St Ignatius JSO, Knajiramattom
Dioceses: Kochi
Present Address: Slama Enterprises, Manama, Bahrain
Tel: +973 17230450 & Mob: +973 39554821



**Sunny John (S-095)**
Ammamkulathil House
Kakkoor P. O, Koothattukulam, (+91 485 2875040)
Home Parish. St Mary's JSO, Attinkunnu, Kakkoor
Dioceses: Kandanadu
Present Address: Ahmed Mansoor Al A'alie Co Bsc©
P.O Box: 778, Salmabad, Bahrain
Tel: +973 177832777-207 & Mob: +973 36063847

## മഹാ പരിശുദ്ധനായ മോറാൻ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ ബാവായുടെ 2009–ലെ ഓർമ്മ പെരുന്നാൾ ഏററു കഴിച്ചവർ

1. A Believer
2. Achenkunj V. J. & Family
3. Aghil Ligy
4. Ajith Kuriakose
5. Ajith P. Y. & Family
6. Albert
7. Alex John & Family
8. Alex Kurain & Family
9. Alias K Jacob & Family
10. Alphy Varghese
11. Alwin & Edwin
12. Angel Elias
13. Anju & Anoop Kuriakose
14. Anni & George
15. Aswin & Acsah
16. Baby Paul & Family
17. Believer
18. Benyamin Samuel Mathew
19. Biju T Thomas
20. Biju Thomas
21. Biju Thomas & Family
22. Binu & Sissy
23. Bisha Paul
24. C.C George & Family
25. C.T Varghese & Family
26. Cherian K.M
27. Christene & Sharon
28. Christy Mary Thomas
29. Denny Alias
30. Don Sabu
31. Eldho K.K & Family
32. Eldho PP & Family
33. Elias M Thomas & Family
34. Ethan Shaj
35. Fincy & Binoy
36. Irene Ann Thomas
37. James David & Family
38. Jerin Sam Jose
39. Jinny Johney
40. Joji Susan Mani

1. Jothish Jacob
2. Kathelene Mathukutty
3. Kuriakose M. A. & Family
4. Laya Mariam Binoy
5. M.M Cherian & Family
6. Manju Mary Thomas
7. Manoj & Family
8. Mariam Ann Baby
9. Nelson Poulose & Family
10. Ninan Varghese
11. O.C Alexander & Family
12. P. M. Cherian
13. P.P Johney
14. Paulose M.K
15. Philip & Meenu
16. Prince P. Thomas & Family
17. Rajan C. Daniel & Family
18. Raju P. K. & Family
19. Raju Varghese & Family
20. Regi T Thomas & Family
21. Reji Varghese & Family
22. Roy Mathai & Family
23. Roy Samuel & Family
24. Roy T Thomas & Family
25. Saji Joseph
26. Saji Mathai & Family
27. Samuel Jacob Joseph
28. Santhosh Andrews & Family
29. Santhra & Tony
30. Sara George
31. Shebin Aley George
32. Shelly Polson
33. Sherin Mary Elias
34. Shibu & Jisha
35. Shinu Alias & Family
36. Siji Binu
37. Sony Abraham
38. Sony Saju & Jacob Saju
39. Sunil C.P
40. Sunny M. Mathew